**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4018** **09-08-2021 - ൽ മറുപടിയ്ക്ക്**

**മികച്ച ആർക്കിടെക്റ്റുകളുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാലഘട്ടത്തിന് അനുസരിച്ച് ആകർഷകമായ രീതിയിലും ഗുണഭോക്താക്കൾക്ക് സൗകര്യപ്രദമായ രീതിയിലും കെട്ടിടങ്ങൾ രൂപകൽപ്പന ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിൽ കെട്ടിടങ്ങളുടെ രൂപകൽപ്പനയ്ക്കായി വാസ്തുശില്പവിഭാഗം നിലവിലുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി കെട്ടിടങ്ങളുടെ രൂപഭംഗിയ്ക്കു കൂടി പ്രത്യേകം ഊന്നൽ നൽകിക്കൊണ്ടാണ് എല്ലാ കെട്ടിടങ്ങളും രൂപകൽപ്പന ചെയ്തു വരുന്നത്. കെട്ടിടങ്ങളുടെ ഉപയോഗക്ഷമതയ്ക്കൊപ്പം കലാപരമായ ഭംഗിക്ക് ആധാരമായ വാസ്തുശില്പ കലയുടെ അടിസ്ഥാന തത്വങ്ങളെല്ലാം സമന്വയിപ്പിച്ചാണ് ഏതു രൂപകൽപ്പനയും തയ്യാറാക്കുന്നത്. കേരളത്തിന്റെ പ്രത്യേകമായ കാലാവസ്ഥയ്ക്ക് അനുസൃതമായ വാസ്തുശില്പ ശൈലി കാലാകാലങ്ങളായി ഇവിടെ രൂപപ്പെട്ടിട്ടുണ്ടെങ്കിലും ആധുനിക കാലഘട്ടത്തിന് ആവശ്യമായ ബഹുനില കെട്ടിടങ്ങളിൽ പുതിയ നിർമ്മാണ സങ്കേതങ്ങളും സാമഗ്രികളും അവസരോചിതമായി ഉൾപ്പെടുത്തേണ്ടതുണ്ട്. സുസ്ഥിരമായ കെട്ടിട നിർമ്മാണത്തിന് പ്രാധാന്യം ഏറിവരുന്ന ഈ കാലഘട്ടത്തിൽ കഴിയുന്നത്ര ഹരിത നിർമ്മാണ തത്വങ്ങൾ ഉൾക്കൊള്ളിച്ചാണ് എല്ലാ കെട്ടിടങ്ങളും രൂപകൽപ്പന ചെയ്യുന്നത്. ഹരിത നിർമ്മാണ രൂപകൽപ്പനയിൽ പരിശീലനം നേടിയ ആർക്കിടെക്റ്റുമാരും, സാങ്കേതിക ജീവനക്കാരും പൊതുമരാമത്ത് വകുപ്പിലുണ്ട്. നിലവിലുള്ള എല്ലാ കെട്ടിട നിർമ്മാണ ചട്ടങ്ങളും അഗ്നിസുരക്ഷാ ചട്ടങ്ങളും, ഹെറിറ്റേജ് നിയമങ്ങളും ഒക്കെ പാലിച്ചുകൊണ്ട് ഭിന്നശേഷി സൗഹൃദമായാണ് എല്ലാ കെട്ടിടങ്ങളുടെയും രൂപകൽപ്പന നിർവഹിച്ചു വരുന്നത്. പുതിയ നിർമ്മാണ രീതികളിൽ അറിവ് നേടുന്നതിനായി പല പരിശീലന പരിപാടികളും നടത്തിവരുന്നുണ്ട്. പബ്ലിക് ആർക്കിടെക്ചർ എന്ന ആശയത്തെ അന്വർത്ഥമാക്കിക്കൊണ്ട് പൊതുജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ രീതിയിലാണ് എല്ലാ രൂപരേഖകളും തയ്യാറാക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ മികച്ച ആർക്കിടെക്ടുകളുടെ സേവനം ഉപയോഗിക്കുന്നതിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പിൽ കെട്ടിടങ്ങളുടെ രൂപകൽപ്പനയ്ക്കായി വാസ്തുശില്പവിഭാഗം നിലവിലുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി കെട്ടിടങ്ങളുടെ രൂപഭംഗിയ്ക്കു കൂടി പ്രത്യേകം ഊന്നൽ നൽകിക്കൊണ്ടാണ് എല്ലാ കെട്ടിടങ്ങളും രൂപകൽപ്പന ചെയ്തു വരുന്നത്. കെട്ടിടങ്ങളുടെ ഉപയോഗക്ഷമതയ്ക്കൊപ്പം കലാപരമായ ഭംഗിക്ക് ആധാരമായ വാസ്തുശില്പ കലയുടെ അടിസ്ഥാന തത്വങ്ങളെല്ലാം സമന്വയിപ്പിച്ചാണ് ഏതു രൂപകൽപ്പനയും തയ്യാറാക്കുന്നത്. കേരളത്തിന്റെ പ്രത്യേകമായ കാലാവസ്ഥയ്ക്ക് അനുസൃതമായ വാസ്തുശില്പ ശൈലി കാലാകാലങ്ങളായി ഇവിടെ രൂപപ്പെട്ടിട്ടുണ്ടെങ്കിലും ആധുനിക കാലഘട്ടത്തിന് ആവശ്യമായ ബഹുനില കെട്ടിടങ്ങളിൽ പുതിയ നിർമ്മാണ സങ്കേതങ്ങളും സാമഗ്രികളും അവസരോചിതമായി ഉൾപ്പെടുത്തേണ്ടതുണ്ട്. സുസ്ഥിരമായ കെട്ടിട നിർമ്മാണത്തിന് പ്രാധാന്യം ഏറിവരുന്ന ഈ കാലഘട്ടത്തിൽ കഴിയുന്നത്ര ഹരിത നിർമ്മാണ തത്വങ്ങൾ ഉൾക്കൊള്ളിച്ചാണ് എല്ലാ കെട്ടിടങ്ങളും രൂപകൽപ്പന ചെയ്യുന്നത്. ഹരിത നിർമ്മാണ രൂപകൽപ്പനയിൽ പരിശീലനം നേടിയ ആർക്കിടെക്ടുമാരും, സാങ്കേതിക ജീവനക്കാരും പൊതുമരാമത്ത് വകുപ്പിലുണ്ട്. നിലവിലുള്ള എല്ലാ കെട്ടിട നിർമ്മാണ ചട്ടങ്ങളും അഗ്നിസുരക്ഷാ ചട്ടങ്ങളും, ഹെറിറ്റേജ് നിയമങ്ങളും ഒക്കെ പാലിച്ചുകൊണ്ട് ഭിന്നശേഷി സൗഹൃദമായാണ് എല്ലാ കെട്ടിടങ്ങളുടെയും രൂപകൽപ്പന നിർവഹിച്ചു വരുന്നത്. പുതിയ നിർമ്മാണ രീതികളിൽ അറിവ് നേടുന്നതിനായി പല പരിശീലന പരിപാടികളും നടത്തിവരുന്നുണ്ട്. പബ്ലിക് ആർക്കിടെക്ചർ എന്ന ആശയത്തെ അന്വർത്ഥമാക്കിക്കൊണ്ട് പൊതുജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ രീതിയിലാണ് എല്ലാ രൂപരേഖകളും തയ്യാറാക്കുന്നത്. |
| (സി) | മികച്ച അംഗീകൃത ആർക്കിടെക്ടുകളുടെ ഒരു പാനൽ ഉണ്ടാക്കുന്നത് പരിഗണനയിലുണ്ടോ എന്നറിയിക്കുമോ? | (സി) | പൊതുമരാമത്ത് വകുപ്പിൽ കെട്ടിടങ്ങളുടെ രൂപകൽപ്പനയ്ക്കായി വാസ്തുശില്പവിഭാഗം നിലവിലുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി കെട്ടിടങ്ങളുടെ രൂപഭംഗിയ്ക്കു കൂടി പ്രത്യേകം ഊന്നൽ നൽകിക്കൊണ്ടാണ് എല്ലാ കെട്ടിടങ്ങളും രൂപകൽപ്പന ചെയ്തു വരുന്നത്. കെട്ടിടങ്ങളുടെ ഉപയോഗക്ഷമതയ്ക്കൊപ്പം കലാപരമായ ഭംഗിക്ക് ആധാരമായ വാസ്തുശില്പ കലയുടെ അടിസ്ഥാന തത്വങ്ങളെല്ലാം സമന്വയിപ്പിച്ചാണ് ഏതു രൂപകൽപ്പനയും തയ്യാറാക്കുന്നത്. കേരളത്തിന്റെ പ്രത്യേകമായ കാലാവസ്ഥയ്ക്ക് അനുസൃതമായ വാസ്തുശില്പ ശൈലി കാലാകാലങ്ങളായി ഇവിടെ രൂപപ്പെട്ടിട്ടുണ്ടെങ്കിലും ആധുനിക കാലഘട്ടത്തിന് |

| | | | |
|---|---|---|---|
| | | | ആവശ്യമായ ബഹുനില കെട്ടിടങ്ങളിൽ പുതിയ നിർമ്മാണ സങ്കേതങ്ങളും സാമഗ്രികളും അവസരോചിതമായി ഉൾപ്പെടുത്തേണ്ടതുണ്ട്. സുസ്ഥിരമായ കെട്ടിട നിർമ്മാണത്തിന് പ്രാധാന്യം ഏറിവരുന്ന ഈ കാലഘട്ടത്തിൽ കഴിയുന്നത്ര ഹരിത നിർമ്മാണ തത്വങ്ങൾ ഉൾക്കൊള്ളിച്ചാണ് എല്ലാ കെട്ടിടങ്ങളും രൂപകൽപ്പന ചെയ്യുന്നത്. ഹരിത നിർമ്മാണ രൂപകൽപ്പനയിൽ പരിശീലനം നേടിയ ആർക്കിടെക്ടുമാരും, സാങ്കേതിക ജീവനക്കാരും പൊതുമരാമത്ത് വകുപ്പിലുണ്ട്. നിലവിലുള്ള എല്ലാ കെട്ടിട നിർമ്മാണ ചട്ടങ്ങളും അഗ്നിസുരക്ഷാ ചട്ടങ്ങളും, ഹെറിറ്റേജ് നിയമങ്ങളും ഒക്കെ പാലിച്ചുകൊണ്ട് ഭിന്നശേഷി സൗഹൃദമായാണ് എല്ലാ കെട്ടിടങ്ങളുടെയും രൂപകൽപ്പന നിർവഹിച്ചു വരുന്നത്. പുതിയ നിർമ്മാണ രീതികളിൽ അറിവ് നേടുന്നതിനായി പല പരിശീലന പരിപാടികളും നടത്തിവരുന്നുണ്ട്. പബ്ലിക് ആർക്കിടെക്ചർ എന്ന ആശയത്തെ അന്വർത്ഥമാക്കിക്കൊണ്ട് പൊതുജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ രീതിയിലാണ് എല്ലാ രൂപരേഖകളും തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ